"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ കടയ്ക്കൽ ഗ്രാമപഞ്ചായത്തിലെ എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് - II ആയ ശ്രീ. സുരേഷ്.ഇ.എ-ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1051/2026/LSGD തീയതി,തിരുവനന്തപുരം, 23-05-2026

---

പരാമർശം:-

1. തസ്വഭ വകുപ്പ് കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 10/07/2025-ലെ LSGD/JD/KLM/295/2025 -A6 നമ്പർ നടപടിക്രമം
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27/04/2026-ലെ LSGD/PD/37879/2025-DEC3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള കടയ്ക്കൽ ഗ്രാമപഞ്ചായത്തിലെ എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-II ആയി 01/09/2012-ന് ജോലിയിൽ പ്രവേശിച്ച ശ്രീ. സുരേഷ്.ഇ.എ, തുടർച്ചയായി 2 വർഷത്തെ സേവനകാലം 01/09/2014-ന് പൂർത്തീകരിച്ചെങ്കിലും, പ്രീ-സർവീസ് ട്രെയിനിങ് കോഴ്സ് പരീക്ഷ യോഗ്യത നേടിയത് 26/06/2019-ന് ആയതിനാൽ പരാമർശം (1) പ്രകാരം ടിയാന്റെ നിരീക്ഷണ കാലയളവ് 01/09/2014 മുതൽ ഒരു വർഷം ദീർഘിപ്പിച്ചു നൽകുകയുണ്ടായി.

2. ശ്രീ. സുരേഷ്. ഇ.എ-യുടെ പേരിൽ അച്ചടക്ക നടപടികളോ വിജിലൻസ് കേസോ ഇല്ലെന്നും ടിയാന്റെ ജോലിയും സ്വഭാവവും തൃപ്തികരം ആണെന്നും ടിയാന്റെ നിരീക്ഷണകാലം 01/09/2015 മുതൽ 28/06/2019 വരെ ദീർഘിപ്പിച്ചു നൽകണമെന്നും പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാറിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ഈ സാഹചര്യത്തിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, പരാമർശം (1) പ്രകാരം നിയമനാധികാരി ഉത്തരവായതിന് പുറമേ ശ്രീ. സുരേഷ്.ഇ.എ യുടെ നിരീക്ഷണകാലം 27/06/2019 -ന് പൂർവ്വാഹ്നത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുവാൻ നിയമനാധികാരിക്ക് സാധിക്കുമാറ് ടിയാന്റെ പ്രൊബേഷൻ കാലയളവ് 01/09/2015 മുതൽ 28/06/2019 വരെ കെ. എസ്. & എസ്.എസ്.ആർ പാർട്ട് II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റഷീദാ എസ്

ജോയിന്റ് സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2) ശ്രീ. സുരേഷ്.ഇ.എ, എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് - II, കടയ്ക്കൽ ഗ്രാമപഞ്ചായത്ത്, ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്, കൊല്ലം
   (തദ്ദേശ സ്വയംഭരണ വകുപ്പ് , പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3) ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,കൊല്ലം
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
5) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Rajesh Kumar. C
Date: 25-05-2026 11:44:45

സെക്ഷൻ ഓഫീസർ